Talented Bankers Literary Panel
പുസ്തക പരിചയം 247.

IIT മദ്രാസ്,
കെ വി മണികണ്ഠൻ.

പരിചയപ്പെടുത്തുന്നത്,
അമിത് കുമാർ,
ഫെഡറൽ ബാങ്ക്,
ഹെഡ് ഓഫീസ്,
ആലുവ.

കെ വി മണികണ്ഠന്റെ രണ്ടാമത്തെ നോവലാണ് IIT മദ്രാസ്. ഡി സി ബുക്ക്സ് പുരസ്കാരം ലഭിച്ച മൂന്നാമിടങ്ങളാണ് ആദ്യ നോവൽ.

നോവലിന്റെ പേരു സൂചിപ്പിക്കുന്നതു പോലെ മദ്രാസ് IIT യുടെ പശ്ചാത്തലത്തിലാണ് കഥ നടക്കുന്നത്.

മദ്രാസ് IIT യിലെ വിദ്യാർത്ഥിനിയും RAW യുടെ ഡയറക്ടർ ഹിമായത്ത് അലിഖാന്റെ മകളുമായ മസൂറ, തന്റെ സഹപാഠിയായ ശിവകാമിയുടെ മരണത്തിനു ശേഷം വല്ലാത്ത മാനസികാവസ്ഥയിലൂടെ കടന്നു പോകുന്നു. മസൂറയുടെ മനപ്രയാസം ചോദിച്ചറിഞ്ഞ് അവളെ ആശ്വസിപ്പിക്കാൻ ഖാൻ നിയോഗിക്കുന്നത് മുൻ ഐബി ഉദ്യോഗസ്ഥനും നിലവിൽ ക്രൈം കൺസൾട്ടന്റ് എന്നു സ്വയം വിശേഷിപ്പിക്കുന്ന ആളുമായ വർഗീസ് കാട്ടാളനെയാണ്.

കാട്ടാളന്റെ ജ്യേഷ്ഠപുത്രിയും പത്രപ്രവർത്തന ബിരുദധാരിയുമായ ജെന്നി കാട്ടാളനും സഹായത്തിനുണ്ട്.

മരിക്കുന്നതിനു മുമ്പ്, മസൂറയ്ക്കും തന്റെ മാതാപിതാക്കൾക്കും താൻ ആത്മഹത്യ ചെയ്യുന്നു എന്ന വാട്സപ്പ് സന്ദേശമയച്ച ശിവകാമി എന്തിനായിരിക്കാം മരിച്ചത്? അതോ ആരെങ്കിലും കൊന്നതാണോ?എങ്കിൽ എന്തിന് തുടങ്ങിയ ചോദ്യങ്ങളാണ് 'മദ്രാസ്' ചർച്ച ചെയ്യുന്നത്.

ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ തുടങ്ങുന്നതോടെ ഇതുവരെ ലോകത്ത് മറ്റാർക്കുമറിയാത്ത പല കാര്യങ്ങളും കാട്ടാളന് വെളിപ്പെട്ടു വരുന്നു. അവിശ്വസനീയമായവയാണ് അവയിൽ മിക്കതും.

പക്ഷേ തെളിവുകൾ ഒന്നൊന്നായി ലഭിക്കുന്നതോടെ കാര്യങ്ങൾ പൂർണമായും വെളിപ്പെടുകയാണ്.

മിക്ക അധ്യായങ്ങളും അവസാനിക്കുന്നത് അപ്രതീക്ഷിതമായ ഒരു സംഭവവികാസത്തെ അവതരിപ്പിച്ചുകൊണ്ടും തുടർന്നു വരുന്ന അധ്യായം ആ സംഭവത്തിന്റെ വിശദാംശങ്ങളിലേക്ക് കടന്നുകൊണ്ടുമാണ് എന്നതിനാൽ ഒരിടത്തു നിറുത്തി ബാക്കി പിന്നെ വായിക്കാം എന്ന തീരുമാനമെടുക്കൽ വായനക്കാരന് പ്രയാസകരമാവുന്നുണ്ട്.

ഒരു ക്രൈം ത്രില്ലർ എന്നതിലൊതുങ്ങാതെ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധവും മനുഷ്യന്റെ ലൈംഗികതയും ചർച്ച ചെയ്യുന്ന ഒരു വ്യത്യസ്ത നോവലായി മാറുകയാണ് ‘മദ്രാസ്’ എന്നതും എടുത്തുപറയേണ്ടതാണ്.

സാധാരണ ക്രൈം നോവലുകളിൽ കുറ്റവാളി ആരെന്നു തെളിയുന്നത് അവസാന അധ്യായത്തിലോ അതിനു തൊട്ടു മുൻപോ ആണെങ്കിൽ മുപ്പത്തിമൂന്ന് അധ്യായങ്ങളുള്ള 'മദ്രാസിൽ' ഇരുപത്തിയാറാം അധ്യായത്തിൽ തന്നെ ഇക്കാര്യം വെളിപ്പെടുന്നു.

തുടർന്നുള്ള അധ്യായങ്ങളിൽ പിന്നെ എന്താണ് ചർച്ച ചെയ്യുന്നത് എന്നല്ലേ? അതാണ് 'മദ്രാസി'നെ ഒരു സാധാരണ ക്രൈം ത്രില്ലറിൽ നിന്ന് വ്യത്യസ്തമാക്കുന്നത്.

ഉശിരനൊരു ക്രൈം ത്രില്ലർ ഗണത്തിൽ പെടുന്ന നോവലാണ് ‘മദ്രാസ്’ എങ്കിലും ഇതൊരു ക്രൈം ത്രില്ലർ അല്ല എന്നാണ് ആമുഖത്തിന്റെ തലക്കെട്ട്.

ഒരു തരത്തിൽ പറഞ്ഞാൽ അതു ശരിയാണ്. കാരണം, ഒരു ക്രൈം ത്രില്ലർ എന്നല്ല ഒരു ഇരട്ട സസ്പെൻസ് ത്രില്ലർ എന്നാണ് IIT മദ്രാസിനെ വിശേഷിപ്പിക്കേണ്ടത് എന്നതാണു സത്യം!

പ്രസാധകർ : മനോരമ ബുക്സ്
പേജ്: 258
വില: 290 രൂപ